സർക്കാർ ഭൂമി കയ്യേറിയവരെ ഒഴിപ്പിക്കുന്നതിന് നടപടി

79 (260) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. കെ. മാധാകൃഷ്ണൻ :
ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിലെ വാഗമൺ പ്രദേശത്ത് സർക്കാർ ഭൂമി കയ്യേറിയവരെ ഒഴിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) വ്യാജപേരിൽ ഭൂമി കയ്യേറിയ സംഭവങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യാജപേരുകളിൽ ഭൂമി കയ്യേറിയത് ആരാണെന്ന് അന്വേഷിച്ചു കണ്ടെത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) വാഗമണിൽ എത്ര ഏക്കർ ഭൂമി കയ്യേറിയതായിട്ടാണ് സർക്കാരിന് ലഭിച്ചിട്ടുള്ള വിവരം; ആരൊക്കെയാണ് ഭൂമി കയ്യേറിയിട്ടുള്ളത് ;

(ഡി) വാഗമണിലെ ജൈവവൈവിദ്ധ്യം കണക്കിലെടുത്ത് മുഴുവൻ സർക്കാർ ഭൂമിയും വീണ്ടെടുക്കുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ;

(ഇ) സർക്കാർ ഭൂമി കയ്യേറുന്നത് തടയുന്നതിന് കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തി ഭൂസംരക്ഷണ നിയമം ഭേദഗതി ചെയ്യുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഭൂമി സംരക്ഷണ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. സ്ഥലപരിശോധന നടത്തി രേഖകളുമായി ഒത്തുനോക്കി വ്യാജ പേരിൽ സ്ഥലം കൈവശം വച്ചിരിക്കുന്നവരെ കണ്ടുപിടിക്കുന്നതിനായി സർവ്വേ വിഭാഗത്തെ ചുമതലപ്പെടുത്തുകയും 50 ഏക്കർ ഭൂമി അനധികൃത കയ്യേറ്റമെന്ന് കണ്ടെത്തി ഒഴിപ്പിച്ചിട്ടുള്ളതുമാകുന്നു.

(സി) അന്വേഷണ നടപടികൾ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ കൃത്യമായ വിസ്തൃതി തിട്ടപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. ഇതുസംബന്ധിച്ച വിശദമായ അന്വേഷണം നടന്നുവരുന്നു.

(ഡി) ഭൂമി വീണ്ടെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഇ) ഭൂസംരക്ഷണ നിയമത്തിൽ ഭേദഗതി നിർദ്ദേശങ്ങൾ ഇപ്പോൾ പരിഗണനയിലില്ല.

റവന്യൂ, വനം വകുപ്പുകളുടെ വനഭൂമിയിലെ ജോയിന്റ് വെരിഫിക്കേഷൻ

80 (262) ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ എത്ര ഹെക്ടർ വനഭൂമിയിലാണ് റവന്യൂ, വനം വകുപ്പുകൾ ജോയിന്റ് വെരിഫിക്കേഷൻ നടത്തിയത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതുസംബന്ധിച്ച എത്ര കേസിൽ തീരുമാനമെടുത്തു ;

(സി) ജോയിന്റ് വെരിഫിക്കേഷന്റെ ഫലമായി എത്ര കൃഷിക്കാരിൽ നിന്നും കരം സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 353.42 ഹെക്ടർ.

(ബി) 4328.

(സി) 170.

കൈവശമുള്ള ഭൂമി പതിച്ചു നൽകുന്നതിന് തീരുമാനം

81 (263) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകാര്യ സ്കൂളുകളുടെയും കോളേജുകളുടെയും കൈവശമുള്ള ഭൂമി പതിച്ചു നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഏതെല്ലാം വ്യവസ്ഥകൾക്ക് വിധേയമായാണ് ഭൂമി പതിച്ചു നൽകുന്നതെന്നും വ്യക്തമാക്കാമോ;

(ഡി) സെന്റിന് എന്തു വിലയ്ക്കാണ് ഭൂമി പതിച്ചു നൽകുന്നതെന്ന് പറയാമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം കോളേജുകളുടെയും സ്കൂളുകളുടെയും കൈവശമുള്ള ഭൂമിയാണ് പതിച്ചു നൽകിയിട്ടുള്ളതെന്നും മൊത്തം എത്ര ഏക്കർ ഭൂമിയാണ് ഇപ്രകാരം പതിച്ചു നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) ഇല്ല. എന്നാൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വർഷങ്ങളായി പാട്ടത്തിന് നൽകിയിട്ടുള്ള ഭൂമി ചില നിബന്ധനകൾക്ക് വിധേയമായി പതിച്ചു നൽകുവാൻ 18-6-2005-ലെ ജി.ഒ. (എംഎസ്.) നമ്പർ 201/2005/റവന്യൂ നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) സെന്റിന് 100 രൂപ പ്രകാരം.

(ഇ) വിവരം ശേഖരിച്ചു വരികയാണ്.

മിച്ചഭൂമി വിതരണം

82 (264) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഹെക്ടർ മിച്ചഭൂമി വിതരണം ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് അറിയിക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly